

Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## ഓൺലൈൻ വഴി പണം തട്ടിപ്പ് നടത്തുന്ന സംഘത്തിലെ നൈജീരിയക്കാരനായ ഒരു യുവാവും, നാഗാലാൻറുകാരിയായ ഒരു യുവതിയും പാലക്കാട് സൈബർ പോലീസ് സ്റ്റേഷൻെറ വിദഗ്ദമായ നീക്കത്തിലൂടെ പിടിയിലായി.

ഓൺലൈൻ വഴി പണം തട്ടിപ്പ് നടത്തുന്ന സംഘത്തിലെ നൈജീരിയക്കാരനായ ഒരു യുവാവും, നാഗാലാൻറുകാരിയായ ഒരു യുവതിയും പാലക്കാട് സൈബർ പോലീസ് പിടികൂടി. പ്രതികൾ വിദേശത്ത് താമസിച്ച് വരുന്നവരാണെന്ന് വിശ്വസിപ്പിച്ച് ഫെയ്സ്ബുക്കുവഴി ഇരകളുമായി സൗഹൃദം സ്ഥാപിച്ച് പിന്നീട് നിരന്തരം ഇരകളുമായി ബന്ധപ്പെട്ട് ബന്ധം നിലനിർത്തി പല വിധ വിലപിടിപ്പുള്ള സമ്മാനങ്ങളും, പണവും കൊറിയർ വഴി അയച്ചിട്ടുണ്ടെന്നു വിശ്വസിപ്പിച്ച് ആയത് എയർപോർട്ടിൽ എത്തുന്ന സമയം Customs Charge, Income tax എന്നിങ്ങനെ പലവിധ ആവശ്യങ്ങളും പറഞ്ഞ് ഇരകളിൽ നിന്നും ലക്ഷക്കണക്കിന് രൂപയാണ് ഈ സംഘം തട്ടിയെടുക്കുന്നത്.



**Accused :**

1. Chinedu Hycient S/o Okafor, Nigerial Citizen residing at Phase Uttam Nagar, west Delhi
2. Radhika. K Age.25, D/o Bokthi, 129A, A Khel, Nagarajan, Dimapur, Nagaland

കഞ്ചിക്കോട് ജോലി ചെയ്തു വരുന്ന തമിഴ്നാട് സ്വദേശിയുടെ നാലര മുക്കാൽ ലക്ഷം രൂപ തട്ടിയെടുത്ത സംഘത്തിന്റെ ഇന്റർനെറ്റ് ഉപയോഗവും, മൊബൈൽ ഫോൺ ടവർലൊക്കേഷനും പിൻതുടർന്നാണ് പാലക്കാട് സൈബർ ക്രൈം പോലീസ് സ്റ്റേഷനിലെ അന്വേഷണ സംഘം ഡെൽഹിയിലെത്തി പ്രതികളെ പിടികൂടിയത്. ബഹു. ജില്ലാ പോലീസ് മേധാവി ശ്രീ. വിശ്വനാഥ്.ആർ അവർകളുടെ മേൽനോട്ടത്തിൽ ബഹു. ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ DYSP ശ്രീ. സുകുമാരൻ.എം അവർകളുടെ നേതൃത്വത്തിൽ പോലീസ് ഇൻസ്പെക്ടറായ പ്രതാപ്.എ, സീനിയർ സി.പി.ഒ മനേഷ്.എം, സി.പി.ഒ ഹിരോഷ്.എച്ച് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടാനായി ഡെൽഹിയിയിലെത്തി അന്വേഷണം നടത്തിയത്.

.........................................................................................................................................